**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4809** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങൾ ലഹരിയിലേക്കും അമിത മദ്യപാനത്തിലേക്കും തിരിയുന്നതിന്റെ കാരണം യുവജനകാര്യ വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ തയ്യാറാക്കിയ Mental Health of Youth at Work എന്ന പേരിൽ ഉള്ള പഠന റിപ്പോർട്ട് പ്രകാരം തൊഴിലിടത്തിലെ മാനസിക സമ്മർദ്ദം നേരിടുന്നതിനായി ലഹരിയുടെ ഉപയോഗം യുവജനങ്ങൾക്കിടയിൽ കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി നടത്തുന്ന ഇടപെടൽ എന്തൊക്കെയാണെന്നും ഇവ കാര്യക്ഷമമാണോയെന്നും വ്യക്തമാക്കുമോ; | (ബി) | ‘No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കു മരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജന കാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെ തിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കു മരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. ബഹു. എംഎൽഎ-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യരംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തി കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ടെക്നോപാർക്ക്, |

ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപികരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ "ഉയിർപ്പ് എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ്മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദുഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ Real to Reel എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽ ക്കരണത്തിന്റെ ഭാഗമായി ഒരു ലഘുപ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കമ്മീഷൻ ആവിഷ്കരിച്ച്നടപ്പിലാക്കി വരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ/ കലാജാഥ, നിയമപരമായ സഹായം, കൗൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു.

മദ്യം, മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർത്ഥി- യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം വർദ്ധിക്കുന്നത് തടയാനായി വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | 'No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കു മരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ യുവജന കാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെ തിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കു മരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. ബഹു. എംഎൽഎ-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യരംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തി ക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപികരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ "ഉയിർപ്പ് എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ്മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ Real to Reel എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽ ക്കരണത്തിന്റെ ഭാഗമായി ഒരു ലഘുപ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.<br><br>സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ |

| | | | |
|---|---|---|---|
| | | | പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കമ്മീഷൻ ആവിഷ്കരിച്ച്നടപ്പിലാക്കി വരുന്നു. കൂടാതെ ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ/ കലാജാഥ, നിയമപരമായ സഹായം, കൗൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു.<br><br>മദ്യം, മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർത്ഥി- യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ